# നുണകൾ, വലിയ നുണകൾ, എൻഡോസൾഫാൻ

## എൻഡോസൾഫാന് ക്ലീൻ സർട്ടിഫിക്കറ്റ് നൽകാൻ സ്വീകരിച്ച വൃത്തികെട്ട തന്ത്രങ്ങളെപ്പറ്റിയുള്ള രഹസ്യങ്ങളുടെ മൂടി കുശാൽ പി. യാദവ് തുറക്കുന്നു.



തടഞ്ഞുവെയ്ക്കപ്പെട്ട സത്യം നിഷേധിക്കപ്പെടുന്ന സത്യമാണെന്ന് ഞങ്ങൾ, *ഡൗൺ ടു എർത്ത്* മാസികയുടെ പ്രവർത്തകർ വിശ്വസിക്കുന്നു. കാസർകോട് ജില്ലയുടെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ജനിതക വ്യതിയാനങ്ങളടക്കമുള്ള ഭീകരമായ രോഗങ്ങൾക്ക് ഉത്തരവാദി കീടനാശിനിയായ എൻഡോസൾഫാനല്ലെന്നു വരുത്തിത്തീർക്കാനും പ്രഖ്യാപിക്കാനും വേണ്ടി തയ്യാറാക്കിയ ചതിയുടെയും അസത്യങ്ങളുടെയും വലിയൊരു ശൃംഖല തന്നെ സൃഷ്ടിച്ചുവെന്ന് പുതിയ തെളിവുകൾ വെളിപ്പെടുത്തുന്നു. രണ്ടു ദശകങ്ങളിലേറെയായി വിമാനം വഴി തളിച്ച എൻഡോസൾഫാൻ കീടനാശിനിയേറ്റ കശുമാവിൻതോട്ടങ്ങളുടെ നിഴലിൽ താമസിക്കുന്നവരാണ് ഈ ഗ്രാമീണർ. എന്നിട്ടും ഈ രോഗങ്ങൾക്കൊന്നും കാരണം കീടനാശിനിയല്ലെന്ന് വ്യവസായത്തിന്റെ വക്താക്കൾ പറയുന്നു. എൻഡോസൾഫാൻ ഒഴിച്ച് മറ്റ് ആരുമാകാം കുറ്റക്കാരെന്നതാണവരുടെ നിലപാട്. ഓർഗനോക്ലോറിൻ വിഭാഗത്തിൽപ്പെട്ട ഈ കീടനാശിനിയെക്കുറിച്ച് ഒട്ടേറെ വിവാദങ്ങൾ ഉയർന്നപ്പോൾ 2002ൽ കേന്ദ്രസർക്കാർ ഒ.പി. ദുബെയുടെ നേതൃത്വത്തിൽ ഒരു സമിതിയെ നിയോഗിച്ച് ഈ പ്രദേശത്തെ വ്യാപകമായുള്ള രോഗങ്ങൾക്ക് കീടനാശിനി തന്നെയാണോ കാരണം എന്ന് അന്വേഷണം നടത്തി. ഈ കീടനാശിനി തുടർന്നും ഈ രാജ്യത്ത് പ്രയോഗിക്കപ്പെടാമോയെന്ന കാര്യവും അവരുടെ അന്വേഷണ വിഷയത്തിൽപ്പെട്ടിരുന്നു. അവർ 2003 ആദ്യം നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കി. "പ്ലാന്റേഷൻ കോർപ്പറേഷൻ കേരള (പിസികെ) യുടെ തോട്ടങ്ങളിൽ അടിക്കുന്ന എൻഡോസൾഫാനും ഈ പ്രദേശത്ത് (ഏറ്റവും മാരകമായി ബാധിച്ച പാദ്രെയിൽ) കാണപ്പെടുന്ന ആരോഗ്യ പ്രശ്നങ്ങളുമായി യാതൊരുവിധ ബന്ധവുമില്ല." കീടനാശിനി വ്യവസായികൾ സാധൂകരിക്കപ്പെട്ടു. ഫയൽ അടച്ചു.

എന്നാൽ കഥ അവിടെ അവസാനിച്ചില്ല. ദുബെ കമ്മിറ്റിയുടെ റിപ്പോർട്ട് എങ്ങനെ സ്വാധീനിക്കപ്പെട്ടുവെന്നതു സംബന്ധിച്ച വിവരങ്ങൾ ഡൗൺ ടു എർത്തിനു ലഭിച്ചിട്ടുണ്ട്. എങ്ങനെ തെളിവുകൾ പൂഴ്ത്തിവെയ്ക്കപ്പെട്ടു. അതിലും മോശമായ വിധത്തിൽ എങ്ങനെ സത്യങ്ങളെ വക്രീകരിച്ച് അർദ്ധസത്യങ്ങളും (പലപ്പോഴും പൂർണ്ണ അസത്യങ്ങൾ തന്നെയും) ഈ ഗൗരവതരമായ ശാസ്ത്ര ചർച്ചയുടെ ഭാഗമായി? ഈ പ്രവണത നമ്മുടെ ശാസ്ത്ര സ്ഥാപനങ്ങളുടെ സത്യസന്ധതയുടെ പ്രശ്നമെന്നതിനപ്പുറം പ്രധാനം പാദ്രെ ഗ്രാമത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നമാണ് എന്നതാണ്. ഇത് ഒരു പൊതുതാൽപര്യമുള്ള കഥയാണ്. പാദ്രെയിലെയും അതുപോലെ അനീതിക്കു വിധേയരായ നിശ്ശബ്ദ ജനതക്കുവേണ്ടിയാണ്.

ദുബൈ കമ്മിറ്റി : 2003 ഏപ്രിലിൽ കേന്ദ്രകീടനാശിനി ബോർഡിന്റെ രജിസ്ട്രേഷൻ കമ്മിറ്റി നിയമിച്ചതാണ് ഈ എട്ടംഗ സമിതി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ (സസ്യ സുരക്ഷാ വിഭാഗം) ഒ.പി. ദുബെയാണ് തലവൻ. മൂന്ന് ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ നിഗമനത്തിലെത്താൻ സഹായകരമായി ഇവർക്കു ലഭിച്ചിരുന്നു. കേരള കാർഷിക സർവ്വകലാശാല 2001 ൽ തയ്യാറാക്കിയിരുന്നതാണ് അതിലൊന്ന്. ഇപ്പോൾ അന്താരാഷ്ട്ര ബയോടെക്നോളജി ആന്റ് ടോക്സിക്കോളജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വളർന്നിട്ടുള്ള തമിഴ്നാട്ടിലെ ഫ്രഡറിക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് പ്രൊട്ടക്ഷൻ ആന്റ് ടോക്സിക്കോളജി (ഫിപ്പാറ്റ്) എന്ന സ്വകാര്യ സ്ഥാപനം 2001 ൽ തയ്യാറാക്കിയതായിരുന്നു രണ്ടാമത്തെ റിപ്പോർട്ട്. പിസികെ തന്നെ ഏൽപ്പിച്ചതനുസരിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം അഹമ്മദാബാദിലുള്ള പ്രശസ്ത സ്ഥാപന



മായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപ്പേഷൻ ഹസാർഡ്സ് (എൻ.ഐ.ഒ.എച്ച്) 2001 ൽ നടത്തിയ വിശദമായ പാരിസ്ഥിതിക ആരോഗ്യ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് മൂന്നാമത്തേത്. അത് 2002 ൽ മനുഷ്യാവകാശ കമ്മീഷന് എൻ.ഐ.ഒ.എച്ച്. സമർപ്പിച്ചതാണ്.

മൂന്നിലേയും ഫലങ്ങൾ വ്യത്യസ്തമായിരുന്നു. 2001 സെപ്തംബർ ഒക്ടോബർ കാലഘട്ടത്തിൽ ആ പ്രദേശത്തുനിന്നും ശേഖരിച്ച മനുഷ്യരക്തസാമ്പിളുകളിൽ കീടനാശിനിയുടെ അംശമുണ്ടായിരുന്നുവെന്നതാണ് എൻ.ഐ.ഒ.എച്ച്. പറഞ്ഞത്. എൻഡോസൾഫാന്റെ രണ്ടു വ്യത്യസ്ത രൂപങ്ങൾ - ആൽഫാ, ബീറ്റാ എന്നീ ഐസോമെറുകൾ - മണ്ണിലും വെള്ളത്തിലും രക്തത്തിലും ഇവർ കണ്ടെത്തി. ഈ കീടനാശിനി അന്തരീക്ഷത്തിലാകെ വ്യാപിച്ചിട്ടുണ്ടെന്നതിന് തെളിവായിരുന്നു ഇത്. മരുന്നു തളി ബാധിക്കാത്ത പ്രദേശങ്ങളിലെ ജനങ്ങളിൽ നടത്തിയ പഠനവും കൂട്ടിവെച്ചുകൊണ്ട് കീടനാശിനിയേൽക്കുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായ ഒരു ഘടകമാണ് കീടനാശിനിയെന്നവർ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഈ പ്രദേശത്ത് കൂടുതൽ വിശദമായ വൈദ്യശാസ്ത്ര പഠനങ്ങൾ (കീടശാസ്ത്ര പഠനങ്ങൾ) നടത്തണമെന്നും രോഗബാധിതർക്ക് ആശ്വാസമെത്തിക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

എൻ.ഐ.ഒ.എച്ച്. റിപ്പോർട്ട് ദുബെ കമ്മിറ്റി പൂർണമായും തള്ളിക്കളഞ്ഞു. എന്തുകൊണ്ട് "എൻഡോസൾഫാന്റെ അറിയുന്നതും സ്വീകരിക്കപ്പെട്ടിട്ടുള്ളതുമായ രാസ-വിഷ ശാസ്ത്ര ഗുണങ്ങളെ ആധാരമാക്കിയുള്ളതല്ല ആ റിപ്പോർട്ട്" എന്നതാണ് കാരണം. അതുകൊണ്ട് ഫിപ്പാറ്റ് എന്ന സ്ഥാപനം നടത്തിയ അവശിഷ്ട പരിശോധനാ റിപ്പോർട്ടാണ് ദുബെ കമ്മിറ്റിക്ക് സ്വീകാര്യമായത്. എൻ.ഐ.ഒ.എച്ചിനു മുമ്പ് (2001 മാർച്ചിനും മെയ്ക്കുമിടയിൽ) ഫിപ്പാറ്റ് ശേഖരിച്ച സാമ്പിളുകളിൽ നടത്തിയ പഠനമാണിത്. മനുഷ്യരക്ത സാമ്പിളിൽ ഒന്നിലും എൻഡോസൾഫാന്റെ അംശമില്ല. പരിസരത്ത് കണ്ടെത്തിയതാകട്ടെ തീർത്തും അവഗണനാർഹമായ അളവിലുമാണ്. ഇവയിൽ ആൽഫാ, ബീറ്റാ വിഭാഗത്തിൽപ്പെട്ടവ ഒട്ടും തന്നെ ഉണ്ടായിരുന്നില്ലത്രേ. 'വ്യവസ്ഥാപിതശാസ്ത്ര'ത്തിന്റെ 'തെളിഞ്ഞ തത്വങ്ങളു'മായി യോജിക്കുന്നതുതന്നെയാണ് ഫിപ്പാറ്റിന്റെ റിപ്പോർട്ട്.

ഫിപ്പാറ്റ് സത്യം മറച്ചുവെയ്ക്കുക മാത്രമല്ല കണക്കുകൂട്ടലുകളിൽ ഒട്ടേറെ വെട്ടിപ്പുകൾ നടത്തിയെന്നും ഞങ്ങൾ പറഞ്ഞാലോ? 2001 ജൂൺ 4 ന് കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ കോപ്പി ഞങ്ങളുടെ പക്കലുണ്ട്. പിസികെക്ക് ഫിപ്പാറ്റ് നൽകിയ റിപ്പോർട്ടിൽ, മനുഷ്യരക്തത്തിൽ കീടനാശിനിയുടെ അംശമുണ്ടെന്ന് തന്നെ പറയുന്നുണ്ട്. ഈ കണ്ടെത്തൽ അവർ മറച്ചുവെയ്ക്കുകയായിരുന്നു. അന്തരീക്ഷത്തിലെ എൻഡോസൾഫാന്റെ അളവും അവർ കുറച്ചുകാണിച്ചു. ഫിപ്പാറ്റിന്റെ പഠനത്തിലും എൻഡോസൾഫാന്റെ ആൽഫാ, ബീറ്റ ഐസോമറുകൾ കണ്ടെത്തിയെങ്കിലും അതു പറയാതെ 'പൂർണമായും എൻഡോസൾഫാൻ സൾഫേറ്റ് മാത്രം' എന്നു റിപ്പോർട്ടിലെഴുതി. ഈ ചെറിയ തരികിട കൊണ്ട് അവർ തയ്യാറാക്കിയ ചിത്രം സത്യത്തിൽ നിന്നും വളരെ ദൂരെയുള്ള ഒന്നാണ്. കീടനാശിനി നിലനിൽക്കുന്നില്ലെന്നും അവയുടെ ഐസോമറുകൾ വളരെപ്പെട്ടെന്നുതന്നെ രാസഘടന തകർന്ന് വെറും സൾഫേറ്റ് ആയി (ഇത് എൻഡോസൾഫാന്റെ മറ്റൊരു രൂപം - താരതമ്യേന അപകടരഹിതം.)

## ഫിപ്പാറ്റ് യാഥാർത്ഥ്യത്തെ വളച്ചൊടിക്കുന്നു

2001 ജൂൺ മാസത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഈ സ്വകാര്യ ലബോറട്ടറി ഇങ്ങനെ ഉപസംഹരിച്ചു : "ആ പ്രദേശത്തെ സ്ത്രീ പുരുഷന്മാരുടെ രക്തത്തിൽ എൻഡോസൾഫാന്റെ യാതൊരംശവും ഇല്ലായെന്ന് ഇതിൽ നിന്നും വ്യക്തമായി." ഇതിനേക്കാൾ അസത്യമായി മറ്റൊന്നില്ല.

മനുഷ്യരക്തത്തിൽ വിഷാംശം കണ്ടെത്തിയില്ല. എന്നാൽ ഈ അവകാശ വാദത്തിനു വിപരീതമാണ് ഫിപ്പാറ്റിന്റെ തന്നെ റിപ്പോർട്ട് സൂക്ഷ്മമായി പഠിച്ചാൽ കിട്ടുന്ന വിവരങ്ങൾ. അവർ ശേഖരിച്ച 112 മനുഷ്യരുടെ രക്തത്തിൽ എൻഡോസൾഫാന്റെ അംശം അവർ കണ്ടെത്തിയിരുന്നു. യഥാർത്ഥത്തിൽ, എൻ.ഐ.ഒ.എച്ച്. കണ്ടതിനേക്കാൾ ഉയർന്ന തോതിലാണ് ഇവർ വിഷാംശം കണ്ടെത്തിയത്.

കീടനാശിനിയുടെ അംശം കണ്ടുപിടിക്കാനുള്ള യന്ത്രത്തിലേക്ക് അളന്ന നിലവാരത്തിലുള്ള പദാർത്ഥം ഇൻജക്ട് ചെയ്യുകയെന്നതാണ് പരിശോധനാരീതി. ഈ മിശ്രിതത്തിന്റെ ഘടന സൂചിപ്പിക്കുന്ന ക്രൊമറ്റോഗ്രാം പരിശോധിക്കുമ്പോൾ എൻഡോസൾഫാനിലെ ആൽഫാ, ബീറ്റാ അംശങ്ങൾ വളരെ വ്യക്തമായ രീതിയിൽ ഉയർന്നു നിൽക്കുന്നതുകാണാം. അതിനുശേഷം പരിശോധനാവിധേയമാക്കുന്ന രക്തസാമ്പിൾ അതിനകത്തേക്കു കടത്തിവിടുന്നു. ഈ പുതിയ മിശ്രിതത്തിന്റെ ചിത്രവും മുമ്പു ലഭിച്ച ചിത്രവും താരതമ്യം ചെയ്തുകൊണ്ടാണ് സാമ്പിളിൽ ആൽഫാ, ബീറ്റാ അംശം ഉണ്ടോയെന്നു തിരിച്ചറിയുന്നത്.

ഫിപ്പാറ്റിന്റെ റിപ്പോർട്ടിലെ 353-ാം പേജ് നോക്കുക. കോഡ് നമ്പർ എച്ച്.ബി. 18 എന്ന സാമ്പിളിൽ വ്യത്യസ്ത ഉയരങ്ങൾ (പീക്ക്) കാണിക്കുന്നു. അവരുടെ തന്നെ അളന്ന നിലവാരത്തിലുള്ള ചിത്രങ്ങളും ഇതേപോലുള്ള ഉയരങ്ങൾ ഗ്രാഫിൽ കാണിക്കുന്നു. ചിത്രത്തിലെ ഈ പീക്ക് പ്രദേശങ്ങൾ 13,890 ഉം 5220 ഉം ആണെന്ന് യന്ത്രം പറയുന്നു. എന്നാൽ 136-ാം പേജിൽ ഈ പീക്കുകളുടെ അളവ് വെറും 530 നും 75 നും താഴെയാണ് എന്ന് എഴുതിയിരിക്കുന്നു.

കൃത്യമല്ലാത്ത വിവരങ്ങൾ വച്ചുകൊണ്ട് ഫിപ്പാറ്റ് കണക്കുകൂട്ടിയത് എൻഡോസൾഫാന്റെ അംശം 0.01 പിപിഎം (ദശലക്ഷത്തിൽ ഒന്ന്) ആണെന്നാണ്. എന്നാൽ അവരുടെ തന്നെ പരിശോധനായന്ത്ര

ത്തിലെ ഫലങ്ങളും അവർ ഉപയോഗിക്കുന്ന ഫോർമുലയും അനുസരിച്ച് കണക്കാക്കുമ്പോൾ തന്നെ വിഷാംശം 0.186 പി.പി.എം. ഉണ്ടെന്നാണ് കാണുന്നത്. പാദ്രെയിലെ രക്തസാമ്പിളുകൾ പരിശോധിച്ച എൻ.ഐ.ഒ.എച്ച് പറഞ്ഞത് തന്നെ വിഷാംശം 0.0787 പി.പി.എം. ഉണ്ടെന്നാണ്. (ഇത് ഫിപ്പാറ്റ് മറച്ചുവെച്ചു.)

ആൽഫാ, ബീറ്റാ ഘടകങ്ങളുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. അവർ കണ്ടെത്തിയത് മറച്ചുവെച്ചു. കമ്പനി, ഫിപ്പാറ്റിന്റെ പഠനരീതിയെ അംഗീകരിച്ചതിൽ അത്ഭുതമില്ല. (അവിശുദ്ധ കൂട്ടുകെട്ട് എന്ന ഭാഗം കാണുക) ഏതു പഠനത്തിലും എൻഡോസൾഫേറ്റ് മാത്രമേ കാണുവെന്ന നിലപാടാണ് കമ്പനിക്കുള്ളത്. "ജീവശരീരത്തിൽ എൻഡോസൾഫാൻ കയറിയാൽ അതുടനെ തന്നെ വിഘടിച്ച് സൾഫേറ്റ് ആയി മാറും." കീടനാശിനി ഗവേഷകരുടേയും നിർമ്മാതാക്കളുടേയും ഇന്ത്യൻ അസോസിയേഷന്റെ പ്രസിഡണ്ടായ പ്രദീപ് ദാവേയുടെ അഭിപ്രായമാണിത്. കൂടുതൽ ശ്രദ്ധയോടെ ഇവരുടെ റിപ്പോർട്ട് പരിശോധിച്ചാൽ ഇലകളിലും മണ്ണിലും രക്തത്തിലും എൻഡോസൾഫാൻ സൾഫേറ്റ് ധാരാളമായി കണ്ടെത്തിയതായി കാണാം. ഫിപ്പാറ്റിന്റെ റിപ്പോർട്ട് വിലയിരുത്തിയ എൻ.ഐ.ഒ.എച്ചിന്റെ പഠനറിപ്പോർട്ടിൽ പല കശുമാവിലകളിലും മണ്ണിലും കീടനാശിനിയുണ്ടെന്നു കണ്ടെത്തിയെന്നു പറയുന്നുണ്ട്. ഇക്കാര്യം ഫിപ്പാറ്റ് പറയാതിരുന്നതെന്തുകൊണ്ട് എന്നത് ഇന്നുമാർക്കുമറിയില്ല.

## എൻഡോസൾഫാന്റെ അളവ് കുറവുമാത്രം :

പല ഇലകളിലും കണ്ടെത്തിയ കീടനാശിനി അളവ് ഫിപ്പാറ്റ് കുറച്ചു കാണിച്ചു. ഉദാഹരണത്തിന് എൽ-17 എന്ന കോഡ് നമ്പറിട്ട ഇലയിൽ 0.001 പി.പി.എമ്മിൽ താഴെ മാത്രമേ കീടനാശിനിയുള്ളുവെന്ന് അവർ പറയുന്നു. എന്നാൽ അവരുടെ തന്നെ കണക്കുകൾ വച്ച് കൂട്ടിയാൽ ഇതിന്റെ അളവ് 0.479 പിപിഎം. ആണെന്നു കണ്ടെത്താം. മണ്ണിന്റെ കാര്യത്തിലും ഇതാണ് ഫിപ്പാറ്റിന്റെ സമീപനം.

വ്യവസായികൾ ഉയർത്തിയതും ദുബെ കമ്മിറ്റി പിന്താങ്ങിയിരുന്നതുമായ ഒട്ടേറെ ചോദ്യങ്ങൾക്ക് എൻ.ഐ.ഒ.എച്ച് റിപ്പോർട്ടും അവർ നടത്തിയ എഴുത്തുകുത്തുകളും മറുപടി നൽകിയിരുന്നുവെന്ന് രേഖകളെല്ലാം പരിശോധിച്ച ഞങ്ങൾക്കു ബോധ്യമായി. ഉദാ:- 2002 ഒക്ടോബർ 9ന് ചേർന്ന വിദഗ്ദരുടെ യോഗത്തിൽ വച്ച് ദുബെ തയ്യാറാക്കി അവതരിപ്പിച്ച ഒരു രേഖയുടെ പേരുതന്നെ "എൻ.ഐ.ഒ.എച്ചിൽ നിന്നും ലഭിക്കേണ്ട വിശദീകരണങ്ങൾ" എന്നായിരുന്നു. 2003 ജനുവരി 31 ന് ചേർന്ന യോഗത്തിൽ ഈ പട്ടികയിലെ ഓരോ ചോദ്യങ്ങൾക്കും എൻ. ഐ. ഒ.എച്ച്. അക്കമിട്ട് മറുപടി പറഞ്ഞു. എന്നാൽ ദുബെ കമ്മിറ്റിയുടെ അവസാന റിപ്പോർട്ടിൽ അവർ 'ചോദിച്ച ചോദ്യങ്ങളെ' പ്പറ്റി മാത്രം പരാമർശിക്കുന്നു. മറുപടിയെപ്പറ്റി പറയുന്നതേയില്ല. എന്നിട്ടത് പറയുന്നു "ഞങ്ങളുടെ കണ്ടെത്തലുകൾക്കും ശുപാർശകൾക്കും മാർഗദർശകമാകാൻ കഴിയുന്നവയല്ല എൻ.ഐ.ഒ.എച്ചിന്റെ നിഗമനങ്ങൾ". വ്യവസായികളുടെ വക്താക്കൾ ഡൗൺ ടു എർത്തിനെഴുതുന്നു: "എൻ.ഐ.ഒ.എച്ചിന്റെ റിപ്പോർട്ട് അടിസ്ഥാനപരമായിത്തന്നെ തെറ്റും അബദ്ധജടിലമായ അനുമാനങ്ങളിൽ അധിഷ്ഠിതവുമാണ്" എന്തുകൊണ്ട്? എന്താണ് അടിസ്ഥാന ശാസ്ത്രീയ പ്രശ്നങ്ങൾ ?




പരിശോധനക്കായി തെരഞ്ഞെടുത്ത മാതൃകാ ഗ്രാമത്തെപ്പറ്റി (മീൻജക പഞ്ചായത്ത്) ചില സംശയങ്ങൾ ഉയർത്തുന്നുണ്ട്. ഈ ഗ്രാമത്തിൽ ഒരിക്കലും വിമാന മാർഗത്തിൽ കീടനാശിനി അടിച്ചിട്ടില്ലെന്നതാണ് ഇതിന്റെ മാതൃകാഗ്രാമമായി (താരതമ്യത്തിനുവേണ്ടി) എടുക്കാൻ കാരണമെന്ന് എൻ.ഐ.ഒ.എച്ച് വ്യക്തമാക്കുന്നു. ഈ ഗ്രാമം പാദ്രെക്ക് വളരെ അടുത്താണ് എന്നതിനാൽ മറ്റുകാര്യങ്ങളിലുള്ള (ജീവിതരീതി, ഭക്ഷണം, സാമൂഹ്യ സാമ്പത്തിക നിലവാരം മുതലായവയിൽ) വ്യത്യാസം കുറവായിരിക്കും. എന്നാൽ ഇതോടൊപ്പം തന്നെ കീടനാശിനി ബാധയേൽക്കാത്തവരെ സംബന്ധിച്ച വിവരങ്ങൾ അധികം ദൂരെ പോകാതെ സംരക്ഷിക്കാനുമാകും. മീൻജക്കും പാദ്രെക്കുമിടയിൽ ഒരു നദിയുള്ളതിനാൽ ജലത്തിലൂടെയുള്ള വ്യാപനം പരമാവധി കുറവായിരിക്കും എന്നും എൻ.ഐ.ഒ.എച്ച് പറയുന്നു.

കശുവണ്ടി തോട്ടങ്ങളിൽ നിന്നും നാലു കിലോമീറ്റർ മാത്രം അകലെ സ്ഥിതിചെയ്യുന്ന പാദ്രെ ഗ്രാമത്തിലെ വിഷബാധയെപ്പറ്റിയുള്ള വിവരങ്ങളാണല്ലോ പ്രധാനം. കഴിഞ്ഞ ഇരുപതു വർഷമായി പ്രതിവർഷം രണ്ടു പ്രാവശ്യമെങ്കിലും ഇവിടെ കീടനാശിനി പ്രയോഗിച്ചിട്ടുണ്ട്. പാദ്രെ ഗ്രാമത്തിൽ നിന്നെടുത്ത രക്തത്തിലെ കീടനാശിനിയുടെ അളവ് മാതൃകാഗ്രാമത്തിൽ നിന്നെടുത്ത രക്തത്തിൽ കണ്ടതിനേക്കാൾ പലമടങ്ങ് അധികമായിരുന്നുവെന്ന കാര്യമാണ് ഇവിടെ വിട്ടുകളഞ്ഞത്. ആ ജനതക്ക് കൂടുതൽ കീടനാശിനി ബാധയേറ്റിട്ടുണ്ടെന്നതു വ്യക്തമാണ്.

ഏറ്റവുമൊടുവിൽ കീടനാശിനി തളിച്ച് പത്തുമാസത്തിനു ശേഷമാണ് സാമ്പിൾ എടുത്തത് എന്നതുമായി ബന്ധപ്പെട്ടായിരുന്നു എൻ.ഐ.ഒ.എച്ചിനോട് ഉയർത്തിയ ചോദ്യം. ജലം, മണ്ണ് തുടങ്ങിയ പരിസരത്ത് എങ്ങനെ എൻഡോസൾഫാന്റെ ആൽഫാ, ബീറ്റാ വിഭാഗങ്ങൾ കണ്ടെത്തി ? മണ്ണിലും ജീവശരീരത്തിലും എൻഡോസൾഫാൻ അതേ രൂപത്തിൽ നിലനിൽക്കുകയില്ലെന്നും അത് സൾഫേറ്റായി മാറുമെന്നും വ്യവസായികൾ പറയുന്നു. തെളിക്കുമ്പോൾ നേരിട്ട് ശരീരത്തിൽ വീഴുന്നതുമാത്രമല്ല പ്രശ്നം. ആ കീടനാശിനിക്ക് മണ്ണിൽ ഏറെ കാലം നിലനിൽക്കാനാകും എന്നു എൻ.ഐ.ഒ.എച്ച്. പറയുന്നു.

*വിവ: സി.ആർ.എൻ.* *(തുടരും)*